പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2998 07/02/2018 -ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ കുഞ്ഞിരാമൻ<br>,, കെ.വി. അബ്ദുൾ ഖാദർ<br>,, വി.കെ.സി. മമ്മത് കോയ<br>,, ഐ. ബി. സതീഷ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിവരിക്കുമോ; | (എ) നവകേരള മിഷന്റെ ഭാഗമായി ഈ സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി ജന പങ്കാളിത്തത്തോടെ മുന്നേറുകയാണ്. ഇതിന്റെ പ്രധാന പദ്ധതികളിലൊന്ന് 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയെന്നത്. സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22 ന് ആരംഭിച്ചു. ഫെബ്രുവരിയിൽ 20,000, മാർച്ചിൽ 10,000, ഏപ്രിൽ, മെയ് മാസങ്ങളിലായി ബാക്കിയുള്ളവ എന്നിങ്ങനെ ജൂൺ 1 ന് മുൻപ് ഉപകരണ വിതരണം പൂർത്തിയാക്കുന്ന വിധത്തിൽ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രാവർത്തിക മാക്കുന്നതിന് സ്കൂളുകൾ ഹൈടെക് ആക്കുന്നതിനോടൊപ്പം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനങ്ങളും നൽകുന്നുണ്ട്. ഇതിനായി എസ്.സി.ഇ.ആർ.ടിയുടെ സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനമാണ് "സമഗ്ര" ഇ-ലേണിംഗ് |

മാനേജ്മെന്റ് സിസ്റ്റം. ഇതിൽ ഡിജിറ്റൽ വിഭവങ്ങളോടൊപ്പം പാഠാസൂത്രണ രേഖകളും ലഭ്യമാക്കുന്നു. പൊതു വിദ്യാലയങ്ങളിൽസമൂഹത്തിൽ വലിയ പ്രതീക്ഷ ഉള്ളതിന്റെ പ്രതിഫലനമായിരുന്നു 2017-18 അധ്യയന വർഷത്തിലെ ആറാം പ്രവൃത്തിദിനത്തിലെ കണക്കുകൾ പ്രകാരം പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ്.

(ബി) സർക്കാർ വിദ്യാലയങ്ങളോട് ജനങ്ങൾക്കുണ്ടായിരുന്ന വിമുഖത മാറുന്നതിനും ആഭിമുഖ്യമുണ്ടാകുന്നതിനും ഇതുമൂലം ഇടയായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ട്

(സി) സർക്കാർ വിദ്യാലയത്തിലെ കുട്ടികൾക്ക് ലോകോത്തര നിലവാരത്തിൽ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായാണ് 45000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നത്. ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രാവർത്തികമാക്കുന്നതിന് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനങ്ങൾ നൽകുന്നുണ്ട്. ഇതിനായി എസ്.സി.ഇ.ആർ.ടിയുടെ സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനമാണ് "സമഗ്ര" ഇ-ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം. ഇതിൽ ഡിജിറ്റൽ വിഭവങ്ങളോടൊപ്പം പാഠാസൂത്രണ രേഖകളും ലഭ്യമാക്കുന്നുണ്ട്. കൂടാതെ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ വിവിധ തരത്തിലുള്ള പഠന വിഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസം ശാസ്ത്രീയമായി പരിഷ്കരിച്ചു കൊണ്ടിരിക്കുന്നു. കുട്ടികളുടെ പഠനത്തോടൊപ്പം സർഗ്ഗപരമായ എല്ലാ കഴിവുകളും

വികസിപ്പിക്കുന്ന സമഗ്ര വിദ്യാഭ്യാസമാണ് വിഭാവനം ചെയ്യുന്നത്. ഹൈടെക് ക്ലാസ്സ് മുറികൾ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, എല്ലാ സ്കൂളുകളിലും സമഗ്ര വികസന രൂപരേഖ തുടങ്ങി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ